# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 43 — 29/01/2019 ൽ മറുപടിക്ക്

**ശബരിമലയിലെ യുവതീ പ്രവേശം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.എം. വിൻസെന്റ് | കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ വർഷത്തെ മണ്ഡല മകരവിളക്ക് കാലത്ത് ശബരിമലയിലെത്തിയ ഭക്തജനങ്ങളുടെ എണ്ണത്തിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് കുറവ് ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. ശബരിമല സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട് ബഹു. സുപ്രീം കോടതിയുടെ വിധിയെ തുടർന്ന് വിവിധ സംഘടനകൾ നടത്തിയ ഹർത്താലുകളും പ്രതിഷേധങ്ങളും കാരണമാണ് ഈ കുറവ് ഉണ്ടായത്. |
| (ബി) | ശബരിമലയിലെ യുവതീ പ്രവേശം സംബന്ധിച്ച സുപ്രീംകോടതി വിധി നടപ്പാക്കുന്നതിനുള്ള സർക്കാരിന്റെ അനാവശ്യ തിടുക്കവും ഭക്തരെ പ്രകോപിപ്പിക്കുന്ന തരത്തിൽ ഉത്തരവാദിത്തപ്പെട്ടവർ നടത്തിയ പരാമർശങ്ങളും ശബരിമലയെ സംഘർഷമേഖല ആക്കിയതുകൊണ്ടാണോ ഭക്തജനങ്ങളുടെ എണ്ണത്തിൽ കുറവുണ്ടായത്;വ്യക്തമാക്കാമോ; | (ബി) | ശബരിമല യുവതീ പ്രവേശനം സംബന്ധിച്ച് സുപ്രീം കോടതി വിധി നടപ്പാക്കുന്നതിന് സർക്കാർ ബാധ്യസ്ഥമാണ്. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ചില യുവതികൾ ദർശനത്തിന് മല ചവിട്ടിയപ്പോൾ ഭക്തരെന്ന വ്യാജേന എത്തിയ ചിലർ തടയാനും ആക്രമിക്കാനും ശ്രമിച്ചതിന്റെ അടിസ്ഥാനത്തിൽ അവർക്ക് പോലീസ് സംരക്ഷണം നൽകാനാണ് സർക്കാർ നടപടി സ്വീകരിച്ചത്. ഭക്തരെന്ന വ്യാജേന ശബരിമലയിൽ എത്തിയ ചിലർ ശബരിമലയെ സംഘർഷഭൂമിയാക്കിയത് മൂലവും ചില സംഘടനകൾ നടത്തിയ ഹർത്താലുകളും വ്യാപക അക്രമങ്ങളും മൂലവുമാണ് ശബരിമലയിൽ ഈ വർഷത്തെ മണ്ഡല മകരവിളക്ക് മഹോത്സവ കാലത്ത് തീർത്ഥാടകരുടെ എണ്ണത്തിൽ കുറവ് വന്നത്. |

| | | | |
|---|---|---|---|
| (സി) | ശബരിമലയുടെ ചരിത്രത്തിൽ ആദ്യമായി മണ്ഡല-മകര വിളക്ക് കാലം മുഴുവൻ നിരോധനാജ്ഞയും ഭക്തർക്ക് കർശന നിയന്ത്രണവും ഏർപ്പെടുത്തിയത് ശബരിമലയെ തകർക്കുവാൻ വേണ്ടിയാണെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | സുപ്രീം കോടതി വിധിയെ തുടർന്ന് നിലക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ ചില സംഘടനകൾ, യുവതികളായ സ്ത്രീകൾ ദർശനത്തിനെത്തുന്നത് തടഞ്ഞ് സംഘർഷമുണ്ടാക്കിയതിനാലാണ് ശബരിമലയിൽ നിരോധനാജ്ഞയും നേരിയ തോതിലുള്ള നിയന്ത്രണങ്ങളും കൊണ്ട് വന്നത്. പ്രതിഷേധക്കാരെമാറ്റി നിർത്തി എല്ലാ അയ്യപ്പ ഭക്തർക്കും ദർശനം ലഭിക്കുന്ന രീതിയിൽ തീർത്ഥാടനം സുഗമമായി നടത്തുന്നതിന് ഇതിലൂടെ കഴിഞ്ഞു. ശബരിമലയെ തകർക്കുന്ന നടപടികളൊന്നും സർക്കാർ സ്വീകരിച്ചിട്ടില്ല. യഥാർത്ഥ ഭക്തർക്ക് ദർശനം നടത്തുന്നതിന് യാതൊരു ബുദ്ധിമുട്ടും ഉണ്ടായിട്ടില്ല. |
| (ഡി) | ഭക്തജനങ്ങളുടെ കുറവുമൂലം ശബരിമലയിലെ നടവരവിൽ വൻ കുറവുണ്ടായിട്ടുണ്ടോ; കഴിഞ്ഞ വർഷത്തെ മണ്ഡല-മകര വിളക്ക് കാലത്തെയപേക്ഷിച്ച് എന്തുകുറവാണ് ഈ വർഷം ഉണ്ടായത് എന്ന് വെളിപ്പെടുത്താമോ? | (ഡി) | മുൻ വർഷത്തെക്കാൾ 99,24,51,694/- രൂപയുടെ കുറവുള്ളതായി തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ